Vol 04 Issue 3
Jan-March 2013

# LAHANTI

FROM THE HOUSE OF ESAF

...means development in Santhali, the language of an underdeveloped tribal group in Eastern India.

ESAF MICROFINANCE
Creating Opportunities

## ആവശ്യമുണ്ട്!
## മാതൃകാ ജീവിതങ്ങൾ!!



2013 മാർച്ച് 13. വത്തിക്കാനിലെ സിസ്റ്റെയിൻ ചാപ്പലിന്റെ പുകക്കുഴലിൽ നിന്ന് വെളുത്ത പുക ഉയർന്നു. 120 കോടിയോളം വരുന്ന റോമൻ കത്തോലിക്ക വിശ്വാസികളുടെ നേതാവായി അർജ്ജന്റീനക്കാരനായ കർദ്ദിനാൾ ബെർഗോളിയോ തെരെഞ്ഞെടുക്കപ്പെട്ടു. ലാളിത്യവും ദാരിദ്ര്യവും ജീവിതവ്യതമായി സ്വീകരിച്ച അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ പേരാണ് പുതിയ മാർപാപ്പ സ്വീകരിച്ചത്. മാർപാപ്പ എന്ന നിലയിൽ കർദ്ദിനാൾമാരോടൊപ്പമുള്ള ആദ്യ കൂടിക്കാഴ്ച സമയത്ത് അദ്ദേഹം ആദ്യം ചെയ്തത് ചാപ്പലിന്റെ പിൻഭാഗത്തേക്ക് നടന്ന് വീൽ ചെയറിൽ ഇരിക്കുന്ന ഒരു കർദ്ദിനാളിനെ അഭിവാദനം ചെയ്യുകയായിരുന്നു. പതിവിൽ നിന്നും വ്യത്യസ്തമായി പോപ്പിന്റെ ഔദ്യോഗിക സിംഹാസനത്തിൽ ഇരിക്കുന്നതിന് പകരം നിന്നുകൊണ്ടാണ് അദ്ദേഹം കർദ്ദിനാൾമാരിൽ നിന്നും അഭിവാദനങ്ങൾ സ്വീകരിച്ചത്. മാർപാപ്പയുടെ ഔദ്യോഗിക വാഹനമായ 'വത്തിക്കാൻ സിറ്റി-1' എന്ന നമ്പർ പ്ലേറ്റുള്ള ആഡംബരകാർ അദ്ദേഹത്തെ കാത്തുകിടന്നിരുന്നു. എന്നാൽ, "ഞാൻ ബസ്സിൽ അല്ലേ വന്നത്, ഇന്ന് അതിൽ തന്നെ പോകാം" എന്ന് പറഞ്ഞുകൊണ്ട് മറ്റ് കർദ്ദിനാൾമാരുടെ കൂടെ അദ്ദേഹം ബസ്സിലാണ് താമസിച്ചിരുന്ന ഡോർമെറ്ററിയിലേക്ക് പോയത്. തന്റെ സാധനങ്ങൾ പായ്ക്ക് ചെയ്ത് റിസപ്ഷനിലേക്ക് പോയി മുറി വാടക കൊടുത്തു. മാർപാപ്പക്ക് വേണ്ടി



ഇതൊക്കെ ചെയ്യുവാൻ ധാരാളം സേവകരുള്ളപ്പോഴാണ് താൻ തന്നെ ഇതൊക്കെ ചെയ്തത് എന്നോർക്കുക. ഇതേക്കുറിച്ച് ചോദിച്ച മാധ്യമ പ്രവർത്തകരോട് അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്. "ഒരു നല്ല മാതൃക കാണിക്കുന്നു എന്ന് ഉറപ്പു വരുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു." ("I want to be sure to set a positive example").

സമൂഹത്തിൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിയെക്കുറിച്ചും ധാർമിക അധപതനത്തെക്കുറിച്ചും നാം പരിതപിക്കാറുണ്ട്. ഗുണദോഷങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ, സാരോപദേശങ്ങൾ, മതപ്രഭാഷണങ്ങൾ ഇവയ്ക്കൊന്നും യാതൊരുകുറവുമില്ല. പ്രതീക്ഷിക്കുന്ന തരത്തിലുള്ള ഫലം ഉണ്ടാകുന്നില്ല എന്നു മാത്രം. മാതൃകാ ജീവിതങ്ങളുടെ (Role Models) അഭാവമല്ലേ ഇതിനു കാരണം?

മാതാപിതാക്കൾക്ക് മക്കൾക്ക് വേണ്ടി ചെയ്യുവാൻ കഴിയുന്ന, ഗുരുക്കൻമാർക്ക് ശിഷ്യൻമാർക്കുവേണ്ടി ചെയ്യുവാൻ കഴിയുന്ന, നേതാക്കൾക്ക് അനുയായികൾക്ക് വേണ്ടി ചെയ്യുവാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം നല്ല ഒരു ജീവിത മാതൃക കാണിച്ചുകൊടുക്കുകയാണ്. കേൾക്കുന്ന കാര്യങ്ങളേക്കാൾ കാണുന്ന കാര്യങ്ങളാണ് ആളുകൾ ജീവിതത്തിൽ പകർത്തുന്നത്. നമ്മുടെ പ്രവർത്തികൾ നമ്മുടെ വാക്കുകളേക്കാൾ ഉച്ചത്തിൽ സംസാരിക്കുന്നു.

**ജേക്കബ് സാമുവൽ**
ഡയറക്ടർ-പ്രോഗ്രാംസ്

## കെ.പോൾ തോമസിന് 'കർമ്മരത്ന' അവാർഡ്

തൃശ്ശൂർ: മൈത്രി ഇവന്റ് കൾച്ചറൽ അസ്സോസിയേഷൻ ഏർപ്പെടുത്തിയ 'കർമ്മരത്ന' അവാർഡിന് ഇസാഫ് സ്ഥാപകൻ കെ.പോൾ തോമസ് അർഹനായി. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി അനൂപ് ജേക്കബിൽ നിന്നും പോൾ തോമസ് അവാർഡ് ഏറ്റു വാങ്ങി. ഇസാഫിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള മറ്റൊരു അംഗീകാരമായി ഈ അവാർഡിനെ കണക്കാക്കുന്നതായി അദ്ദേഹം പറഞ്ഞു.



*മന്ത്രി അനൂപ് ജേക്കബിൽ നിന്നും കെ.പോൾ തോമസ് അവാർഡ് സ്വീകരിക്കുന്നു*

## വനിതാദിനം ആചരിച്ചു

മണ്ണുത്തി: ഇസാഫിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാദിനം ആചരിച്ചു. മണ്ണുത്തിയിൽ സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ അഖിലേന്ത്യ ജനാധിപത്യ മഹിളാ




*മണ്ണുത്തിയിൽ സംഘടിപ്പിച്ച വനിതാദിനറാലിയിൽ നിന്ന്*

അസ്സോസിയേഷൻ സംസ്ഥാനകമ്മറ്റി അംഗം അഡ്വ.കെ.തുളസി വനിതാദിന സന്ദേശം നൽകി. ഇസാഫ് ഡയറക്ടർ മെറീന പോൾ അദ്ധ്യക്ഷത വഹിച്ചു. തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ ജയശ്രീ ഭാസ്കരൻ, ഇസാഫ് ഡയറക്ടർ ജേക്കബ് സാമുവൽ, എസ്.എച്ച്.ജി ഫെഡറേഷൻ മാനേജർ അംബിക സോമൻ, ഫെഡറേഷൻ ബോർഡ് അംഗം ലതാമണി, ഇസാഫ് ആർ&ഡി മാനേജർ സന്ധ്യ സുരേഷ്, ജൂബിലി ഷെറിൻ ജോർജ്ജ് എന്നിവരും സംസാരിച്ചു. പരിപാടിയോടനുബന്ധിച്ച് വനിതാദിന റാലിയും സംഘടിപ്പിച്ചിരുന്നു.

അമ്പലപ്പുഴ, ബാലുശ്ശേരി, പുതുനഗരം, കൊടുവായൂർ, വേലന്താവളം, ഒലവക്കോട്, കരുനാഗപ്പള്ളി എന്നീ ബ്രാഞ്ചുകളിലും വനിതാദിനം വിപുലമായി ആചരിച്ചു.

**വിശദമായ വാർത്തകൾക്കും കൂടുതൽ ചിത്രങ്ങൾക്കും:**
www.esafmicrofin.com/newsaevents/news.html

## ഇസാഫ് ബ്ലഡ് ഡൊണേഷൻ ഫോറം വാർഷികം



*ഒല്ലൂർ എം.എൽ.എ എം.പി.വിൻസെന്റ് വാർഷികം ഉദ്ഘാടനം ചെയ്യുന്നു*

മണ്ണുത്തി: ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ഇസാഫ് ബ്ലഡ് ഡൊണേഷൻ ഫോറത്തിന്റെ മൂന്നാം വാർഷികം ആഘോഷിച്ചു. തൃശ്ശൂർ മെഡിക്കൽ കോളേജ് ബ്ലഡ് ബാങ്കിന്റെ സഹരണത്തോടെ സൗജന്യരക്തഗ്രൂപ്പ് നിർണയവും രക്തദാന ക്യാമ്പും ഇസാഫ് മെഡിക്കൽ സെന്ററിൽ സംഘടിപ്പിച്ചിരുന്നു. ക്യാമ്പിന്റെ ഉദ്ഘാടനം ഒല്ലൂർ എം.എൽ.എ എം.പി.വിൻസെന്റ് നിർവ്വഹിച്ചു.

**ഫോറത്തെ കുറിച്ച് കൂടുതൽ അറിയുവാൻ:**
Tel: +91 9349 701 478

## ഇസാഫ് സ്ഥാപകദിനം ആചരിച്ചു

മണ്ണുത്തി: ഇസാഫ് 21-ാം സ്ഥാപകദിനം ആചരിച്ചു. കേന്ദ്ര ഓഫീസിൽ സംഘടിപ്പിച്ച പരിപാടിയിൽ ഇസാഫ് പ്രസിഡണ്ട് പ്രൊഫ. എലിസബത്ത് ജോൺ അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡണ്ട് റവ.ഡോ. ഇടിച്ചെറിയ നൈനാൻ മുഖ്യ സന്ദേശവും എക്സിക്യൂട്ടിവ് ഡയറക്ടർ കെ.പോൾ തോമസ് സ്ഥാപകദിന സന്ദേശവും നൽകി. ഡയറക്ടർമാരായ മെറീന പോൾ, ജോർജ്ജ് തോമസ്, ജേക്കബ് സാമുവൽ, ക്രിസ്തുദാസ് കെ.വി, ജനറൽ മാനേജർ ജോർജ്ജ് കെ. ജോൺ എന്നിവരും സംസാരിച്ചു.

## പഠനറിപ്പോർട്ട് പ്രകാശനം ചെയ്തു



റിപ്പോർട്ട് പ്രകാശന ചടങ്ങിൽ നിന്ന്

തൃശ്ശൂർ: നഗരത്തിലെ നടപ്പാതകളുടെ കാര്യക്ഷമതയെയും കാൽനടയാത്രക്കാരുടെ സൗകര്യങ്ങളെയും കുറിച്ച് ഇസാഫ് ലിവബിൾ സിറ്റി ടീം നടത്തിയ പഠനറിപ്പോർട്ട് തൃശ്ശൂർ കോർപ്പറേഷൻ മേയർ ഐ.പി.പോൾ പ്രകാശനം ചെയ്തു. കാൽനട യാത്രക്കാരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ കൊണ്ടുവരുവാൻ കോർപ്പറേഷൻ പ്രതിജ്ഞാബദ്ധമാണെന്നും മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരികയാണെന്നും മേയർ പറഞ്ഞു. ഇസാഫ് സ്ഥാപക എക്സിക്യുട്ടിവ് ഡയറക്ടർ കെ.പോൾ തോമസ് അദ്ധ്യക്ഷത വഹിച്ചു. സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാരായ ഡോ.എം.ഉസ്മാൻ, കെ.എസ്. സന്തോഷ്, കൗൺസിലർ പ്രൊഫ. അന്നം ജോൺ എന്നിവർ കോർപ്പറേഷനെ പ്രതിനിധീകരിച്ച് പങ്കെടുത്തു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ടി.നിർമ്മല, ട്രാഫിക് എസ്.ഐ ആർ. ഉണ്ണികൃഷ്ണൻ, ഹെൽത്ത് ബ്രിഡ്ജ് കാനഡ റീജിയണൽ ഡയറക്ടർ ഡെബ്ര എഫ്രോംസൺ, പ്രൊജക്ട് ഡയറക്ടർ ജേക്കബ് സാമുവൽ, പ്രൊജക്ട് മാനേജർ ശ്രീധരൻ നായർ, പ്രൊജക്ട് ഓഫീസർ ഷിനോ ഡേവിസ് എന്നിവർ പ്രസംഗിച്ചു.

**റിപ്പോർട്ടിന്റെ പൂർണ്ണ രൂപം ഡൗൺലോഡ് ചെയ്യാൻ:**
esafmicrofin.com/lctcr.pdf

## പരിസ്ഥിതി ബോധവത്കരണം

വലപ്പാട്: കേരള പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിന്റെ സഹകരണത്തോടെ ഇസാഫ് പരിസ്ഥിതി ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ഇ.ബി ഉണ്ണികൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു. 'പരിസര ശുചിത്വം വീടുകളിലൂടെ' എന്ന വിഷയത്തെ ആസ്പദമാക്കി ഇസാഫ് അസി. മാനേജർ പി. ജെ മാത്യു ക്ലാസുകൾക്ക് നേതൃത്വം നൽകി. വാടാനാപ്പിള്ളി, ചേർപ്പ് എന്നീ ബ്രാഞ്ചുകളിലെ സംഘാംഗങ്ങൾക്കായും പ്രസ്തുത പരിപാടി സംഘടിപ്പിച്ചിരുന്നു.

## റിപ്പബ്ളിക് ദിനാഘോഷം



കെ.പോൾ തോമസ് ദേശീയ പതാക ഉയർത്തുന്നു

മണ്ണുത്തി: 64-ാം റിപ്പബ്ളിക് ദിനം ഇസാഫ് ആഘോഷിച്ചു. ഹെപ്സീബ കോംപ്ലക്സിനു സമീപം സംഘടിപ്പിച്ച പരിപാടിയിൽ ഇസാഫ് മൈക്രോഫിനാൻസ് മാനേജിംഗ് ഡയറക്ടർ കെ. പോൾ തോമസ് ദേശീയ പതാക ഉയർത്തുകയും റിപ്പബ്ളിക് ദിന സന്ദേശം നൽകുകയും ചെയ്തു. നാടിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുവാനും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തു സൂക്ഷിക്കുവാനും ഇസാഫ് പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു.

## റിപ്പബ്ളിക് ദിന റാലിയിൽ പങ്കെടുത്തു

മണ്ണുത്തി: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിങ്ങ് മണ്ണുത്തി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച റിപ്പബ്ളിക് ദിന റാലിയിൽ ഇസാഫ് പങ്കെടുത്തു. 'നാനാത്വത്തിൽ ഏകത്വം' എന്ന വിഷയത്തിൽ ഇസാഫ് അവതരിപ്പിച്ച ടാബ്ലോ പരിപാടിയുടെ മുഖ്യ ആകർഷണമായി. ഘോഷയാത്രയിൽ പങ്കെടുത്ത് വിജയികളായവർക്ക് ഇസാഫ് സ്പോൺസർ ചെയ്ത ട്രോഫികൾ വിതരണം ചെയ്തു.



ഇസാഫ് അവതരിപ്പിച്ച ടാബ്ലോയിൽ നിന്ന്

## അവാർഡുകൾ വിതരണം ചെയ്തു

മണ്ണുത്തി: എസ്.ബി.ഐ ലൈഫ് ഇൻഷുറൻസ് മികച്ച വ്യക്തിഗത പ്രവർത്തനത്തിന് ഏർപ്പെടുത്തിയ അവാർഡിന് പൊഴിയൂർ ബ്രാഞ്ചിലെ റാണി സ്റ്റീഫൻ അർഹയായി. ഡോൺ ബോസ്കോ (വിഴിഞ്ഞം ഏരിയ), സുജ എം.എൻ (പാറശ്ശാല ബ്രാഞ്ച്) എന്നിവർ യഥാക്രമം മികച്ച ഏരിയയ്ക്കും മികച്ച ബ്രാഞ്ചിനും ഉള്ള അവാർഡുകൾ കരസ്ഥമാക്കി. 70-ഓളം പ്രോത്സാഹന സമ്മാനങ്ങളും വിതരണം ചെയ്തു. ജേതാക്കളെ ഇസാഫ് സ്ഥാപക മാനേജിങ്ങ് ഡയറക്ടർ കെ.പോൾ തോമസ് അഭിനന്ദിച്ചു.


SBI Life INSURANCE
With Us, You're Sure

**എസ്.ബി.ഐ ലൈഫ് പോളിസികൾ**
**ഇസാഫ് മൈക്രോഫിനാൻസിലൂടെ**

**കൂടുതൽ വിവരങ്ങൾക്ക് ഇസാഫ് ശാഖയുമായോ 0487-3262113 എന്ന നമ്പറിലോ ബന്ധപ്പെടുക**


## റാലി സംഘടിപ്പിച്ചു



തൃശ്ശൂർ: ഇസാഫ് ലിവബിൾ സിറ്റി നെറ്റ്വർക്കിന്റെ ആഭിമുഖ്യത്തിൽ കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി തൃശ്ശൂർ നഗരത്തിൽ കാൽനട റാലി സംഘടിപ്പിച്ചു. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, പൗര പ്രതിനിധികൾ, സംഘടനാ പ്രതിനിധികൾ എന്നിവർ റാലിയിൽ പങ്കെടുത്തു. കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്ക് ഭീഷണി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ റാലിക്ക് വർദ്ധിച്ച പ്രാധാന്യം ഉണ്ടെന്ന് ഇസാഫ് ഡയറക്ടർ ഓപ്പറേഷൻസ് ജോർജ്ജ് തോമസ് പറഞ്ഞു. കാൽനടയാത്രക്കാരുടെ അവകാശങ്ങൾ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും മെച്ചപ്പെട്ട കാൽനടയാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ റാലി പ്രേരകമാകുമെന്ന് സമാപനസമ്മേളനത്തിൽ പ്രൊജക്ട് ഡയറക്ടർ ജേക്കബ് സാമുവൽ പറഞ്ഞു.

## റോഡ് സുരക്ഷ: ലഘു ലേഖകൾ വിതരണം ചെയ്തു



ജേക്കബ് സാമുവൽ ലഘുലേഖകൾ വിതരണം ചെയ്യുന്നു

തൃശൂർ: റോഡ് സുരക്ഷ വാരാചരണത്തിന്റെ ഭാഗമായി ട്രാഫിക് പോലീസിന്റെയും ഇസാഫ് ലിവബിൾ സിറ്റി നെറ്റ്വർക്കിന്റെയും ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് ബോധവത്ക്കരണ ലഘു ലേഖകൾ വിതരണം ചെയ്തു. ലഘുലേഖ വിതരണോദ്ഘാടനം ട്രാഫിക് എസ്. ഐ, ആർ. ഉണ്ണികൃഷ്ണൻ നിർവ്വഹിച്ചു. തൃശൂർ നഗരത്തിൽ റോഡപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് കാൽനട യാത്രക്കാർക്കുള്ള അവകാശങ്ങളെക്കുറിച്ചും സുരക്ഷിത ഡ്രൈവിങ്ങിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും ഡ്രൈവർമാരെ ബോധവത്ക്കരിക്കാൻ ഇസാഫും ട്രാഫിക് പോലീസും രംഗത്തെത്തിയത്. നഗരാസൂത്രണ പദ്ധതികളിൽ കാൽനടയാത്രക്കാർക്ക് അർഹിക്കുന്ന പ്രധാന്യം ലഭിക്കത്തക്കവിധം വികസന പ്രവർത്തനങ്ങൾ നടത്തുക, റോഡ് സുരക്ഷയുടെ പ്രധാന്യത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തുക, റോഡ് സുരക്ഷ മുൻനിർത്തി അടിസ്ഥാന സൗകര്യങ്ങളും നിയമങ്ങളും നടപ്പിൽ വരുത്താൻ വിവിധ വകുപ്പുകളുമായി ഏകോപിച്ചു പ്രവർത്തിക്കുക എന്നിവയാണ് ഇസാഫ് ലിവബിൾ സിറ്റി നെറ്റ്വർക്കിന്റെ ലക്ഷ്യങ്ങൾ.




© ഒരു ഇസാഫ് മൈക്രോഫിനാൻസ് കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് പ്രസിദ്ധീകരണം.